**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 371** **19-03-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണ ഹോട്ട് സ്പോട്ടുകളിൽ നൂതന പ്രതിരോധ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി ആക്രമണത്തിന് പരിഹാരമായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഇത് സംബന്ധിച്ച് ചേർന്ന ഉന്നതതലയോഗത്തിന്റെയും അതിലെടുത്ത തീരുമാനങ്ങളുടെയും വിശദാംശം അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ നൽകുന്നു.<br>• മനുഷ്യ-വന്യമൃഗ സംഘർഷത്തെ 07/03/2024-ന് സർക്കാർ ഉത്തരവ് നം. (കൈ) 4/2024/DMD പ്രകാരം “സംസ്ഥാന സവിശേഷ ദുരന്തമായി” പ്രഖ്യാപിച്ചു.<br>• മനുഷ്യ-വന്യമൃഗ സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശ-ങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരു-ത്തുന്നതിനുമായി സർക്കാരിന്റെ വിവിധ തലങ്ങളിൽ നാല് സമിതികൾ രൂപീകരിച്ചി-ട്ടുണ്ട് (സ.ഉ. (കൈ) നം. 12/2024/വനം തീയതി 07/03/2024). സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.<br>• അയൽ സംസ്ഥാനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കർണാടക-യിലെ ബന്ദിപ്പൂരിൽ 10/03/2024 ന് കേരളവും കർണാടകയും തമിഴ്നാട്ടും അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ ധാരണ പത്രം ഒപ്പിട്ടു.<br>• വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി 2021-22 മുതൽ 2023-24 വരെ 1444.20 ലക്ഷം രൂപ വിനിയോഗിച്ച് 653.33 കി.മീ. പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചു.<br>• “മിഷൻ സോളാർ ഫെൻസിംഗിന്റെ” ഭാഗമായി ഇതുവരെ 848 കി.മീ. സോളാർ വേലികൾ നന്നാക്കി പ്രവർത്തനക്ഷമമാക്കി-യിട്ടുണ്ട്. |

- വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതി-നായി 586.11 ലക്ഷം രൂപയും, മറ്റ് വിവിധ പ്രതിരോധ നിർമ്മിതികൾക്കായി 6203.02 ലക്ഷം രൂപയും നബാർഡിൽ നിന്ന് ലഭ്യമാക്കി ആയതിന്റെ നിർമാണം പുരോഗമിച്ചുവരുന്നു.
- വയനാട്, മലപ്പുറം ജില്ലകളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 142കി.മീ. സോളാർ ഹാംഗിംങ് ഫെൻസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- മനുഷ്യ-വന്യമൃഗ സംഘർഷം മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും, സ്വത്തിനും കൃഷിക്കും നാശം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരമായി 2020-21 മുതൽ 2023-24 വരെ 33,784 അപേക്ഷകളിന്മേൽ 5584.35 ലക്ഷം രൂപ അനുവദിച്ചു.
- 2011 മുതൽ 2016 വരെയുള്ള കാലയളവിൽ 80% കുടിശ്ശികയുണ്ടായിരുന്ന നഷ്ടപരിഹാര തുക ഉൾപ്പെടെ ഇതേ വരെ ഉണ്ടായിരുന്ന കുടിശ്ശികയുടെ 95 ശതമാനവും കൊടുത്തു തീർത്തു. ബന്ധപ്പെട്ട രേഖകൾ ഹാജരാ-ക്കാത്ത കേസുകളിൽ മാത്രമാണ് ഇനി നഷ്ടപരിഹാരതുക നല്കാനുള്ളത്.
- സ്വയം സന്നദ്ധ പുനഃരധിവാസ പദ്ധതി (നവകിരണം) യുടെ ഭാഗമായി കേരളത്തിലെ വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ഇതര സമൂഹത്തിപ്പെട്ട 815 കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ 111 കോടി രൂപ അനുവദിച്ച്  പുനഃരധിവാസത്തിന് സാഹചര്യം ഒരുക്കി.
- വയനാട് വന്യജീവി സങ്കേതത്തിൽ IDWH സന്നദ്ധ പുനഃരധിവാസ പദ്ധതിയിൽ 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ 922.50 ലക്ഷം രൂപ (2023-24 വർഷത്തിൽ) അനുവദിച്ചു.
- വന്യമൃഗ ആക്രമണ സാദ്ധ്യതയുള്ള പ്രദേശ-ങ്ങളിൽ സമയാസമയം ജനങ്ങൾക്ക് മുന്നറി-യിപ്പ് നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പുകൾ തുടങ്ങിയിട്ടുണ്ട്. ഇത്തര-ത്തിൽ ഇരുപതിനായിരത്തോളം അംഗങ്ങ-ളുള്ള നാന്നൂറിലധികം വാട്ട്സാപ്പ് ഗ്രൂപ്പുകളുണ്ട്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ,

കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി 280 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു.

- പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.
- സ്വഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായുള്ള നയരേഖ ഇന്ത്യയിൽ ആദ്യമായി രൂപീകരിച്ചു.
- വന്യമൃഗങ്ങൾക്ക് ഭക്ഷ്യ-ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി വനത്തിനുള്ളിൽ ഫലവൃക്ഷങ്ങളും അതോടൊപ്പം മുള, ഈറ്റ, നെല്ലി, കമ്പകം, പൂവം, താന്നി, വേപ്പ്, കുമ്പിൾ, ഞാവൽ, വട്ട, സീതപഴം, പുന്ന, കണിക്കൊന്ന, മലവേപ്പ് തുടങ്ങിയ തദ്ദേശീയ സസ്യങ്ങളും 1346.54 ഹെക്ടർ സ്ഥലത്ത് ഇതിനോടകം തന്നെ വച്ച് പിടിപ്പിച്ചു.
- വനമേഖലകളിലെ കുളങ്ങൾ, ചെക്കുഡാമുകൾ, വയലുകൾ, മറ്റിതര ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.
- കിഫ്ബി ഫണ്ട് ഉപയോഗിച്ച് 46 ചെക്ക് ഡാമുകൾ പുതുതായി നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവ്വിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് അനുവദിച്ച 25 കോടി രൂപയുടെ പ്രവർത്തികൾ നടന്നുവരുന്നു.
- വയനാട് ജില്ലയിൽ ജൈവവൈവിധ്യത്തിന് ഭീഷണിയായ അധിനിവേശ സസ്യമായ സെന്നയുടെ (മഞ്ഞക്കൊന്ന) നിർമ്മാർജ്ജനത്തിന്റെ ഭാഗമായി വയനാട് വൈൽഡ്‌ലൈഫ് മേഖലയിൽ 5000 മെട്രിക് ടൺ സെന്ന മുറിച്ച് നീക്കുന്നതിന് പൊതുമേഖല സ്ഥാപനമായ കേരള പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡിന് (KPPL) അനുമതി നല്കി. നാളിതുവരെ 4958 മെട്രിക ടൺ സെന്ന മുറിച്ച് നീക്കം ചെയ്തിട്ടുണ്ട്.
- വിദേശയിന ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി 2023-24 വർഷത്തിൽ വിവിധ വനം ഡിവിഷനുകളിലെ 748 ഹെക്ടർ

അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളിൽ നിന്നും 50,000 മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ KPPL മുഖാന്തിരം നീക്കം ചെയ്ത് തൽസ്ഥാനത്ത് തനതു വൃക്ഷയിനങ്ങൾ വച്ചു പിടിപ്പിച്ചിട്ടുള്ളതാണ്.

- ജനവാസ മേഖലകളിലിലറങ്ങി ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് ഉത്തരവ് നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും അധികാരങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- പുതുതായി 9 RRT കൾ രൂപീകരിച്ചു. ഇതടക്കം 28 RRT കൾ ഉണ്ട്.
- ആദിവാസി വിഭാഗത്തിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ചു.
- 891 താൽക്കാലിക വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.
- കിഫ്ബി ഫണ്ട് ഉപയോഗിച്ച് വനാതിർത്തിയോട് ചേർന്നുള്ള ജനവാസമേഖലകളിൽ 1000 സോളാർ ലൈറ്റുകളും 60 ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- വന്യമൃഗങ്ങളുടെ സമീപ്യത്തെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് ഏർളി വാണിംങ് സിസ്റ്റം / SMS അലെർട്ട്, വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, കൂടാതെ ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ, ബ്രോഷറുകൾ, പാംലെറ്റുകൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ചുവരുന്നു.
- 2025-26 സാമ്പത്തിക വർഷത്തിലേക്ക് 70.40 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 21.55 കോടി രൂപ കൂടുതലാണ്.
- സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിന്റെയും

ഭൂമിശാസ്ത്രം, ഭൂവിനിയോഗം, കാലാവസ്ഥ, സാമൂഹികാന്തരീക്ഷം, പ്രകൃതി വിഭവങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത തുടങ്ങിയവ അനുസരിച്ച് ഓരോ ലാൻഡ് സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 23/10/2024-ൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

- അതത് പ്രദേശത്തെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി അഞ്ച് സർക്കിളുകളിലെയും സി.സി.എഫുമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചു. ഹോട്ട്സ്പോട്ടുകളിൽ നോഡൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചു.
- വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂം (State Forest Emergency Operation Centre – SFEOC) തുറന്നു. കൂടാതെ സർക്കിൾതലത്തിൽ 24 മണിക്കൂറും പ്രവൃത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു. 36 വനം ഡിവിഷനുകളിലും കൺട്രോൾ റൂമുകൾ (Divisional Forest Emergency Operation Centre – DEOC) പ്രവർത്തിച്ചുവരുന്നു. സംസ്ഥാന-ഡിവിഷൻതല ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ശാക്തീകരിക്കുന്നതിനായി G.O. (Rt.) No. 79/2025/DMD തീയതി 21/02/2025 പ്രകാരം 372.796 ലക്ഷം രൂപ SDMA അനുവദിച്ചിട്ടുണ്ട്.
- നിലവിലെ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 26/02/2025-ലെ സർക്കാർ ഉത്തരവ് (കൈ) നം. 8/2025/വനം പ്രകാരം സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ വിവിധോന്മുഖങ്ങളായ 10 പ്രത്യേക യജ്ഞങ്ങളായി തിരിച്ച് ഓരോ യജ്ഞവും വ്യാഖ്യാനിച്ച് ഓരോന്നിനും സംസ്ഥാന / റീജിയണൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം - 2 ആയി ചേർക്കുന്നു. പത്ത് യജ്ഞങ്ങൾ ചുവടെ

| | | | |
|---|---|---|---|
| | | | ചേർക്കുന്നു.<br>1. Mission Real Time Monitoring<br>2. Mission Primary Response Teams<br>3. Mission Tribal Knowledge<br>4. Mission Food, Fodder & Water<br>5. Mission Bonnet Macaque<br>6. Mission Wild Pig<br>7. Mission SARPA<br>8. Mission Knowledge<br>9. Mission Solar Fencing<br>10. Mission Sensitization to Public<br><br>മനുഷ്യ-വന്യമൃഗ സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി 07/03/2024-ലെ സ.ഉ.(കൈ) നം. 12/2024/വനം നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ സംസ്ഥാന തല സമിതിയുടെയും സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണ സമിതിയുടെയും സംയുക്ത യോഗം 14.03.2024-ൽ, ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധം-3 ആയി ചേർക്കുന്നു. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണ സമിതിയുടെ യോഗം 14.08.2024-ൽ ചേരുകയും മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തങ്ങൾ അവലോകനം ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധം-4 ആയി ചേർക്കുന്നു. സംസ്ഥാനത്തെ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 27.02.2025-നും ഉന്നതതല യോഗം ചേരുകയുണ്ടായി |
| (ബി) | ഹോട്ട് സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ള മേഖലകളിൽ സ്വീകരിച്ച നൂതന പ്രതിരോധ നടപടികൾ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ നൽകുന്നു.<br><br>• മനുഷ്യ-വന്യമൃഗ സംഘർഷത്തെ 07/03/2024-ന് സർക്കാർ ഉത്തരവ് നം. (കൈ) 4/2024/DMD പ്രകാരം “സംസ്ഥാന സവിശേഷ ദുരന്തമായി” പ്രഖ്യാപിച്ചു.<br>• മനുഷ്യ-വന്യമൃഗ സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരു- |

ത്തുന്നതിനുമായി സർക്കാരിന്റെ വിവിധ തലങ്ങളിൽ നാല് സമിതികൾ രൂപീകരിച്ചിട്ടുണ്ട് (സ.ഉ. (കൈ) നം. 12/2024/വനം തീയതി 07/03/2024). സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.

- അയൽ സംസ്ഥാനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കർണാടകയിലെ ബന്ദിപ്പൂരിൽ 10/03/2024 ന് കേരളവും കർണാടകയും തമിഴ്നാട്ടും അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ ധാരണ പത്രം ഒപ്പിട്ടു.
- വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി 2021-22 മുതൽ 2023-24 വരെ 1444.20 ലക്ഷം രൂപ വിനിയോഗിച്ച് 653.33 കി.മീ. പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചു.
- "മിഷൻ സോളാർ ഫെൻസിംഗിന്റെ" ഭാഗമായി ഇതുവരെ 848 കി.മീ. സോളാർ വേലികൾ നന്നാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി 586.11 ലക്ഷം രൂപയും, മറ്റു വിവിധ പ്രതിരോധ നിർമ്മിതികൾക്കായി 6203.02 ലക്ഷം രൂപയും നബാർഡിൽ നിന്ന് ലഭ്യമാക്കി ആയതിന്റെ നിർമാണം പുരോഗമിച്ചുവരുന്നു.
- വയനാട്, മലപ്പുറം ജില്ലകളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 142കി.മീ. സോളാർ ഹാംഗിംങ് ഫെൻസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- മനുഷ്യ-വന്യമൃഗ സംഘർഷം മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും, സ്വത്തിനും കൃഷിക്കും നാശം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരമായി 2020-21 മുതൽ 2023-24 വരെ 33,784 അപേക്ഷകളിന്മേൽ 5584.35 ലക്ഷം രൂപ അനുവദിച്ചു.
- 2011 മുതൽ 2016 വരെയുള്ള കാലയളവിൽ 80% കുടിശ്ശികയുണ്ടായിരുന്ന നഷ്ടപരിഹാര തുക ഉൾപ്പെടെ ഇതേ വരെ ഉണ്ടായിരുന്ന കുടിശ്ശികയുടെ 95 ശതമാനവും കൊടുത്തു തീർത്തു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്ത കേസുകളിൽ മാത്രമാണ് ഇനി നഷ്ടപരിഹാരതുക നല്കാനുള്ളത്.

- സ്വയം സന്നദ്ധ പുനഃരധിവാസ പദ്ധതി (നവകിരണം) യുടെ ഭാഗമായി കേരളത്തിലെ വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ഇതര സമൂഹത്തിപ്പെട്ട 815 കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ 111 കോടി രൂപ അനുവദിച്ച് പുനഃരധിവാസത്തിന് സാഹചര്യം ഒരുക്കി.
- വയനാട് വന്യജീവി സങ്കേതത്തിൽ IDWH സന്നദ്ധ പുനഃരധിവാസ പദ്ധതിയിൽ 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ 922.50 ലക്ഷം രൂപ (2023-24 വർഷത്തിൽ) അനുവദിച്ചു.
- വന്യമൃഗ ആക്രമണ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പുകൾ തുടങ്ങിയിട്ടുണ്ട്. ഇത്തരത്തിൽ ഇരുപതിനായിരത്തോളം അംഗങ്ങളുള്ള നാനൂറിലധികം വാട്ട്സാപ്പ് ഗ്രൂപ്പുകളുണ്ട്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി 280 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു.
- പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.
- സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായുള്ള നയരേഖ ഇന്ത്യയിൽ ആദ്യമായി രൂപീകരിച്ചു.
- വന്യമൃഗങ്ങൾക്ക് ഭക്ഷ്യ-ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി വനത്തിനുള്ളിൽ ഫലവൃക്ഷങ്ങളും അതോടൊപ്പം മുള, ഈറ്റ, നെല്ലി, കമ്പകം, പൂവം, താന്നി, വേപ്പ്, കുമ്പിൾ, ഞാവൽ, വട്ട, സീതപഴം, പുന്ന, കണിക്കൊന്ന, മലവേപ്പ് തുടങ്ങിയ തദ്ദേശീയ സസ്യങ്ങളും 1346.54 ഹെക്ടർ സ്ഥലത്ത് ഇതിനോടകം തന്നെ വച്ച് പിടിപ്പിച്ചു.
- വനമേഖലകളിലെ കുളങ്ങൾ, ചെക്കുഡാമുകൾ, വയലുകൾ, മറ്റിതര ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.
- കിഫ്ബി ഫണ്ട് ഉപയോഗിച്ച് 46 ചെക്ക് ഡാമുകൾ പുതുതായി നിർമ്മിക്കുന്നതിനുള്ള

നടപടികൾ പുരോഗമിക്കുന്നു.

- വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവ്വിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് അനുവദിച്ച 25 കോടി രൂപയുടെ പ്രവർത്തികൾ നടന്നുവരുന്നു.
- വയനാട് ജില്ലയിൽ ജൈവവൈവിധ്യത്തിന് ഭീഷണിയായ അധിനിവേശ സസ്യമായ സെന്നയുടെ (മഞ്ഞക്കൊന്ന) നിർമ്മാർജ്ജനത്തിന്റെ ഭാഗമായി വയനാട് വൈൽഡ്ലൈഫ് മേഖലയിൽ 5000 മെട്രിക് ടൺ സെന്ന മുറിച്ചു നീക്കുന്നതിന് പൊതുമേഖല സ്ഥാപനമായ കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന് (KPPL) അനുമതി നല്കി. നാളിതുവരെ 4958 മെട്രിക ടൺ സെന്ന മുറിച്ച് നീക്കം ചെയ്തിട്ടുണ്ട്.
- വിദേശയിന ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി 2023-24 വർഷത്തിൽ വിവിധ വനം ഡിവിഷനുകളിലെ 748 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളിൽ നിന്നും 50,000 മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ KPPL മുഖാന്തിരം നീക്കം ചെയ്ത് തൽസ്ഥാനത്ത് തനതു വൃക്ഷയിനങ്ങൾ വച്ചു പിടിപ്പിച്ചിട്ടുള്ളതാണ്.
- ജനവാസ മേഖലകളിലിലറങ്ങി ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് ഉത്തരവ് നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും അധികാരങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- പുതുതായി 9 RRT കൾ രൂപീകരിച്ചു. ഇതടക്കം 28 RRT കൾ ഉണ്ട്.
- ആദിവാസി വിഭാഗത്തിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ചു.
- 891 താൽക്കാലിക വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.
- കിഫ്ബി ഫണ്ട് ഉപയോഗിച്ച് വനാതിർത്തിയോടു ചേർന്നുള്ള ജനവാസമേഖലകളിൽ 1000 സോളാർ ലൈറ്റുകളും 60 ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- വന്യമൃഗങ്ങളുടെ സമീപ്യത്തെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് ഏർളി വാണിംങ് സിസ്റ്റം / SMS അലെർട്ട്, വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, കൂടാതെ ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ, ബ്രോഷറുകൾ, പാംലെറ്റുകൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ചുവരുന്നു.
- 2025-26 സാമ്പത്തിക വർഷത്തിലേക്ക് 70.40 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 21.55 കോടി രൂപ കൂടുതലാണ്.
- സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിന്റെയും ഭൂമിശാസ്ത്രം, ഭൂവിനിയോഗം, കാലാവസ്ഥ, സാമൂഹികാന്തരീക്ഷം, പ്രകൃതി വിഭവങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത തുടങ്ങിയവ അനുസരിച്ച് ഓരോ ലാൻഡ് സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 23/10/2024-ൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് അനുമതി നൽകിയിട്ടുണ്ട്.
- അതത് പ്രദേശത്തെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി അഞ്ച് സർക്കിളികളിലെയും സി.സി.എഫുമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചു. ഹോട്ട്സ്പോട്ടുകളിൽ നോഡൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചു.
- വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂം (State Forest Emergency Operation Centre – SFEOC) തുറന്നു. കൂടാതെ സർക്കിൾതലത്തിൽ 24 മണിക്കൂറും

പ്രവൃത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു. 36 വനം ഡിവിഷനുകളിലും കൺട്രോൾ റൂമുകൾ (Divisional Forest Emergency Operation Centre – DEOC) പ്രവർത്തിച്ചുവരുന്നു. സംസ്ഥാന-ഡിവിഷൻതല ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ശാക്തീകരിക്കുന്നതിനായി G.O. (Rt.) No. 79/2025/DMD തീയതി 21/02/2025 പ്രകാരം 372.796 ലക്ഷം രൂപ SDMA അനുവദിച്ചിട്ടുണ്ട്.

- നിലവിലെ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 26/02/2025-ലെ സർക്കാർ ഉത്തരവ് (കൈ) നം. 8/2025/വനം പ്രകാരം സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ വിവിധോന്മുഖങ്ങളായ 10 പ്രത്യേക യജ്ഞങ്ങളായി തിരിച്ച് ഓരോ യജ്ഞവും വ്യാഖ്യാനിച്ച് ഓരോന്നിനും സംസ്ഥാന / റീജിയണൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം - 2 ആയി ചേർക്കുന്നു. പത്ത് യജ്ഞങ്ങൾ ചുവടെ ചേർക്കുന്നു.

  1. Mission Real Time Monitoring
  2. Mission Primary Response Teams
  3. Mission Tribal Knowledge
  4. Mission Food, Fodder & Water
  5. Mission Bonnet Macaque
  6. Mission Wild Pig
  7. Mission SARPA
  8. Mission Knowledge
  9. Mission Solar Fencing
  10. Mission Sensitization to Public

മനുഷ്യ-വന്യമൃഗ സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി 07/03/2024-ലെ സ.ഉ.(കൈ) നം. 12/2024/വനം നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ സംസ്ഥാന തല സമിതിയുടെയും സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണ സമിതിയുടെയും സംയുക്ത യോഗം 14.03.2024-ൽ, ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധം-3 ആയി ചേർക്കുന്നു. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണ സമിതിയുടെ

| | | | |
|---|---|---|---|
| | | | യോഗം 14.08.2024-ൽ ചേരുകയും മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തങ്ങൾ അവലോകനം ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധം-4 ആയി ചേർക്കുന്നു. സംസ്ഥാനത്തെ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 27.02.2025-നും ഉന്നതതല യോഗം ചേരുകയുണ്ടായി |
| (സി) | വന്യജീവി ആക്രമണം തടയുന്നതിന് ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | മനുഷ്യ-വന്യമൃഗ സംഘർഷത്തെ 07/03/2024-ന് സർക്കാർ ഉത്തരവ് നം. (കൈ) 4/2024/DMD പ്രകാരം "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചു. ഇതോടെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനം സാധ്യമായിട്ടുള്ളതാണ്.<br><br>മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതി-നായി വനംവകുപ്പ് ആസ്ഥാനത്തും 36 വനം ഡിവിഷനുകളിലും എമർജൻസി ഓപ്പറേഷൻ സെന്റർ സജ്ജമാക്കുന്നതിന് 372.796 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (G.O. (Rt.) No 79/2025/DMD Dated 21-02-2025).<br><br>നാട്ടിലിറങ്ങി ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള ഓണറേറിയം 1,500/- രൂപയും, ജഡം മറവു ചെയ്യുന്നതിനുള്ള തുക 2,000/- രൂപയും നൽകുന്നതിന് GO (Rt) No. 108/2025/DMD തീയതി 06/03/2025 പ്രകാരം ഉത്തരവായിട്ടുണ്ട്. ദുരന്തനിവാരണ അതോറിറ്റി ടി തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്നു.<br><br>RRT-കൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും ടൂൾ റൂമുകൾ സജ്ജീകരിക്കുന്നതിനും RRT ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുമായി മൂന്ന് കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് SDMA-യുടെ പരിഗണനയിലുമാണ്.<br><br>വനം വകുപ്പിൽ നിലവിലുള്ള വിവിധ വൈൽഡ് ലൈഫ് വെറ്ററിനറി യൂണിറ്റുകൾ ശാക്തീകരിക്കുന്ന-തിന് 2.26 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പി-ച്ചിട്ടുള്ളതും ആയത് SDMA-യുടെ പരിഗ-ണനയിലുമാണ്. |
| (ഡി) | വന്യജീവികൾക്ക് വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും സുലഭമാക്കാനുള്ള ശ്രമങ്ങൾ | (ഡി) | വന്യജീവികൾക്ക് വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും സുലഭമാക്കാൻ സ്വീകരിച്ച നടപടികൾ |

| | | | |
|---|---|---|---|
| | ഊർജ്ജിതമാക്കുമോ? | | ചുവടെ ചേർക്കുന്നു.<br><br>വനത്തിനുള്ളിലെ കുളങ്ങൾ/ചെറുഡാമുകൾ (1434 എണ്ണം), വയലുകൾ (574 എണ്ണം), വാട്ടർഹോൾസ് തുടങ്ങിയ മറ്റിതര ജലസ്രോതസ്സുകൾ (308 എണ്ണം) എന്നിവ അറ്റകുറ്റപ്പണികൾ ചെയ്ത് നവീകരിക്കുകയും ആവശ്യമായിടത്ത് പുതിയവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അധിനിവേശ സസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്തും, തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പ്രവർത്തനങ്ങളും, പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിലേക്കായി Control Burning ചെയ്തും വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ പരമാവധി ഭക്ഷ്യ-ജലലഭ്യത ഉറപ്പു വരുത്തുവാൻ ലക്ഷ്യമിടുന്നു.<br><br>വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷ്യ-ജലലഭ്യത ഉറപ്പുവരുത്തുവാൻ “മിഷൻ ഫുഡ്, ഫോഡർ & വാട്ടർ” എന്ന തീവ്രയജ്ഞ പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>വയനാട് ജില്ലയിൽ ജൈവവൈവിധ്യത്തിന് ഭീഷണിയായ അധിനിവേശ സസ്യമായ സെന്ന (മഞ്ഞക്കൊന്ന) നിർമ്മാർജ്ജനം ചെയ്തുവരുന്നു. നോർത്ത് വയനാട് ഡിവിഷനിൽ 400 ഹെക്ടറിലെ സെന്ന നശിപ്പിച്ചു. വയനാട് വൈൽഡ്ലൈഫ് മേഖലയിൽ 5000 മെട്രിക് ടൺ സെന്ന മുറിച്ചു നീക്കുന്നതിന് പൊതുമേഖല സ്ഥാപനമായ കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന് (KPPL) അനുമതി നല്കി. നാളിതുവരെ 4958 മെട്രിക് ടൺ സെന്ന മുറിച്ച് നീക്കം ചെയ്തിട്ടുണ്ട്.<br><br>വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവ്വിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് അനുവദിച്ച 25 കോടി രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.<br><br>കിഫ്ബി ഫണ്ട് ഉപയോഗിച്ച് 46 ചെക്ക് ഡാമുകൾ പുതുതായി നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

സ.ഉ.(കൈ) നം.12/2024/F&WLD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - സംസ്ഥാനത്തെ രൂക്ഷമായ മനുഷ്യ -വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(ഡി) വകുപ്പ്

സ.ഉ.(കൈ) നം.12/2024/F&WLD തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:- 1. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന 12.02.2024, 15.02.2024 എന്നീ തീയതികളിലെ യോഗങ്ങൾ

2. സ.ഉ.(കൈ) നം. 4/2024/DMD തീയതി 07.03.2024

**ഉത്തരവ്**

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം അടുത്തകാലത്തായി വർധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്തും ജനവാസ മേഖലകളിൽ വന്യജീവികളുടെ സാന്നിധ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് പ്രായോഗികവും ഫലപ്രദവുമായ സത്വരമാർഗ്ഗങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ സ്വീകരിക്കേണ്ട അനിവാര്യ സാഹചര്യം നിലവിലുണ്ട്. വന്യജീവി സംഘർഷമുള്ള മേഖലകളിൽ വനം വകുപ്പ് അധികൃതരും മറ്റും വിശദമായ പരിശോധന നടത്തി പ്രദേശവാസികളുടെ ആശങ്കകൾ ഒഴിവാക്കുകയും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്ന നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുമുണ്ട്.

മേൽ സാഹചര്യത്തിൽ, പരാമർശം 2 പ്രകാരം, സംസ്ഥാനത്തെ മനുഷ്യ വന്യജീവി സംഘർഷം, ഒരു "സംസ്ഥാന സവിശേഷ ദുരന്തം" (State Specific Disaster) ആയി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി, ചുവടെ ചേർക്കും പ്രകാരം സമിതികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

**സംസ്ഥാന തല സമിതി**

1. ബഹു. മുഖ്യമന്ത്രി (അധ്യക്ഷൻ)
2. ബഹു. വനം വകുപ്പ് മന്ത്രി,
3. ബഹു. റവന്യൂ വകുപ്പ് മന്ത്രി,
4. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി,
5. ബഹു. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രി
6. ചീഫ് സെക്രട്ടറി (കൺവീനർ)

ഈ സമിതി സംസ്ഥാന തലത്തിൽ, മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്

സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**സംസ്ഥാന തല ഉദ്യോഗസ്ഥ നിയന്ത്രണ സമിതി**

1. ചീഫ് സെക്രട്ടറി (അധ്യക്ഷൻ)
2. സെക്രട്ടറി, ആഭ്യന്തരവകുപ്പ്
3. സെക്രട്ടറി, റവന്യൂ വകുപ്പ്
4. സെക്രട്ടറി, വനം വകുപ്പ്
5. സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ്
6. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
7. സെക്രട്ടറി, കൃഷി വകുപ്പ്
8. വനം വകുപ്പ് മേധാവി,
9. പി.സി.സി.എഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ
10. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറി

ഈ സമിതി, സംസ്ഥാനതല സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും നൽകുന്നതാണ്.

**ജില്ലാതല നിയന്ത്രണ സമിതി**

1. ജില്ലയുടെ ചുമതലയുള്ള ബഹു. മന്ത്രി (അധ്യക്ഷൻ)
2. ജില്ലാ കളക്ടർ
3. സൂപ്രണ്ട് ഓഫ് പോലീസ്
4. ഡിവിഷണൽ ഫോറെസ്റ്റ് ഓഫീസർ
5. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
6. ഡെപ്യൂട്ടി ഡയറകർ, എൽ.എസ്.ജി.ഡി
7. ഡെപ്യൂട്ടി ഡയറക്ടർ, പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പ്
8. ജില്ലാ കൃഷി വകുപ്പ് ഓഫീസർ
9. ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഓഫീസർ

ഈ സമിതി, വിവിധ ജില്ലകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികളിന്മേൽ മേൽനോട്ടം വഹിക്കും.

**പ്രാദേശിക തല ജാഗ്രതാ സമിതി**

1. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് (അധ്യക്ഷൻ)
2. ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥൻ,
3. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥൻ
4. കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ
5. മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥൻ
6. തഹസീൽദാർ
7. പോലീസ് ഉദ്യോഗസ്ഥൻ
8. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥൻ
9. അംഗീകൃത സന്നദ്ധ സംഘടനാ പ്രതിനിധികൾ

ഈ സമിതി, ജില്ലാ തല സമിതിയുടെ നിർദ്ദേശാനുസരണം പ്രാദേശിക തലത്തിൽ വന്യ ജീവി സംഘർഷം തടയുന്നതിനുള്ള നടപടികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യും.

മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സർക്കാർ ഉത്തരവാകുന്നു.

1. ചീഫ് വൈൽഡ് ലൈഫ് വാർഡനെ മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.
2. പ്രകൃതിദുരന്ത സമയങ്ങളിൽ സെക്രട്ടേറിയറ്റ് കേന്ദ്രീകരിച്ച് ഒരുക്കുന്ന നിരീക്ഷണ സംവിധാനത്തിനു സമാനമായി, വനം വകുപ്പ് ആസ്ഥാനത്ത് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ചുമതലയിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നതാണ്. കൺട്രോൾ റൂമിൽ മതിയായ വാർത്താവിനിമയ സങ്കേതങ്ങൾ വനം വകുപ്പ് മേധാവി ഒരുക്കേണ്ടതാണ്.
3. വന്യജീവി ആക്രമണ സാധ്യതയുള്ള പ്രദേശങ്ങളിൽ സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ ഉൾപ്പെടെ ആധുനിക വിവര-വിനിമയ സംവിധാനങ്ങൾ വനം വകുപ്പ് മേധാവി സജ്ജമാക്കുന്നതാണ്.
4. മനുഷ്യ-വന്യജീവി സംഘർഷം നിലനിലനിൽക്കുന്ന മനുഷ്യവാസമുള്ള പ്രദേശങ്ങളിൽ ജാഗ്രതയ്ക്കായി കൂടുതൽ താൽക്കാലിക വാച്ചർമാരുടെ സേവനം വിനിയോഗിക്കുന്നതിനു വനം വകുപ്പ് മേധാവി നടപടി സ്വീകരിക്കേണ്ടതാണ്.
5. വന്യജീവി സംഘർഷങ്ങളിൽ ഇടപെട്ട് പ്രവർത്തിച്ച് കഴിവ് തെളിയിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ കഴിയുന്നതും ഈ പ്രദേശങ്ങളിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വനം വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നു.
6. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിലെ കുറ്റിക്കാടുകൾ ഇല്ലാതാക്കുന്നതിന് ഉടമസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്. സർക്കാർ-അർദ്ധസർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിലും ഈ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്.
7. തോട്ടം ഉടമകളോട് വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ അഭ്യർത്ഥിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നതാണ്.
8. നിലവിലുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകൾക്ക്, ആവശ്യമായ ജീവനക്കാരെയും ഉപകരണങ്ങളും വാഹനങ്ങളും നൽകി ശക്തിപ്പെടുത്തുന്നതാണ്.
9. മനുഷ്യ-വന്യജീവി സംഘർഷത്തിന് സാധ്യത കൂടിയ സ്ഥലങ്ങളിൽ ഫോറെസ്റ്റ് ഡിവിഷൻ/സ്റ്റേഷൻ അടിസ്ഥാനപ്പെടുത്തി ആവശ്യാനുസരണം പ്രത്യേക ജാഗ്രതാ സമിതികൾ രൂപീകരിക്കണം. ഇത് ഡി.എഫ്.ഒമാരുടെ ഉത്തരവാദിത്തമായിരിക്കും.
10. വന്യജീവി സംഘർഷസാധ്യതയുള്ള പ്രദേശങ്ങളിൽ വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ആവശ്യമായ തോതിൽ വെള്ളം ലഭിക്കുമെന്ന് ഉറപ്പാക്കണം. എവിടങ്ങളിലൊക്കെ ഇതിന് താൽക്കാലിക സംവിധാനങ്ങളൊരുക്കാമെന്നത് നിശ്ചയിച്ച് വനം വകുപ്പ് മേധാവി നടപടി സ്വീകരിക്കേണ്ടതാണ്. പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ ഇതിനാവശ്യമായ തുക കണ്ടെത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്.
11. വനം വകുപ്പ് ആസ്ഥാനത്ത് നിലവിലുള്ള ഉന്നതതല ഉദ്യോഗസ്ഥ സമിതി നടത്തുന്ന പ്രവർത്തനങ്ങളും സ്വീകരിച്ച നടപടികളും ആവശ്യമുള്ള നിർദ്ദേശങ്ങളും ആഴ്ചതോറും

വിലയിരുത്തി സർക്കാരിലേക്ക് വിശദമായ റിപ്പോർട്ട് വനം വകുപ്പ് മേധാവി ലഭ്യമാക്കേണ്ടതാണ്.

12. വന്യജീവി ആക്രമണത്തെത്തുടർന്ന് പ്രഖ്യാപിച്ചിട്ടുള്ള നഷ്ടപരിഹാരതുക എത്രയും വേഗം നൽകുന്നതിന് വനം വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച പുരോഗതി വനം വകുപ്പ് സെക്രട്ടറി തലത്തിൽ വിലയിരുത്തുന്നതാണ്.
13. ഇതിലേക്ക് ആവശ്യമായി വരുന്ന ചെലവുകളെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കുന്നു.
14. മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കിഫ്ബി വഴി ഇപ്പോൾ അനുവദിച്ചിട്ടുള്ള 100 കോടി രൂപയ്ക്ക് പുറമെ 110 കോടി രൂപ കൂടി (ആകെ 210 കോടി രൂപ) കിഫ്ബി മുഖാന്തരം അനുവദിക്കുന്നതിനുള്ള നടപടി കിഫ്ബി CEO സ്വീകരിക്കുന്നതാണ്.
15. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനുമുള്ള ദീർഘകാല- ഹ്രസ്വകാല പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അന്തർദേശീയ-ദേശീയ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നതിന് വനം വകുപ്പ് മേധാവി സർക്കാരിൽ പ്രൊപോസൽ സമർപ്പിക്കേണ്ടതാണ്.
16. മനുഷ്യ-വന്യജീവി സംഘർഷങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏകോപിപ്പിക്കാൻ കേരള-കർണ്ണാടക-തമിഴ്നാട് സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഇന്റർസ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി യോഗങ്ങൾ ചേരേണ്ടതാണ്. ഇക്കാര്യം വനം വകുപ്പ് മേധാവി ഏകോപിപ്പിക്കേണ്ടതും ചീഫ് സെക്രട്ടറി തലത്തിൽ വിലയിരുത്തുന്നതുമാണ്.

മേൽ പറഞ്ഞ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച നടപടി റിപ്പോർട്ട് സർക്കാരിലേക്ക് വനം വകുപ്പ് മേധാവി അടിയന്തരമായി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡിഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
അഡിഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
അഡിഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറെസ്റ്റ് ഫോഴ്സ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ
പ്രിൻസിപ്പൽ ഡയറക്ടർ, ഏകോപിത തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
ഡയറക്ടർ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ്
ഡയറക്ടർ, കൃഷി വകുപ്പ്

സ.ഉ.(കൈ) നം.12/2024/F&WLD

ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്
ഡയറക്ടർ, ആരോഗ്യ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർ
എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർ
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർ
ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ)
പൊതുഭരണ (എസ് സി )വകുപ്പ്
വിവര പൊതുജന സമ്പർക്ക (web & new media ) വകുപ്പ്
കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം
Signed by
Ramjan P A
Date: 07-03-2024 12:02:06

പകർപ്പ്
ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ ഒഎസ്ഡി യ്ക്ക്
അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനംവന്യജീവി വകുപ്പ്- മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണം - 10 വിവിധോന്മുഖ പരിഹാര പദ്ധതികൾ അംഗീകരിച്ചും, അവ നടപ്പാക്കുന്നതിനായി സംസ്ഥാന/റീജിയണൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനംവന്യജീവി(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.8/2025/F&WLD തീയതി,തിരുവനന്തപുരം, 26-02-2025

---

പരാമർശം:- 1. ൦7/03/2024 ലെ സ.ഉ(കൈ)4/2024/ ഡി.എം.ഡി നം. ഉത്തരവ്

2 07.03.2024 ലെ സ.ഉ(കൈ)12/2024/ F&WLD നം. ഉത്തരവ്

3. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ്‌ലൈഫ്)&ചീഫ് വൈൽഡ് ലൈഫ് വാർഡൻ 20/02/2025 ൽ സമർപ്പിച്ച KFWHQ/7946/2024-CWW/WL8 നം. കത്ത്,

**ഉത്തരവ്**

മനുഷ്യ-വന്യജീവി സംഘർഷം, സംസ്ഥാന സർക്കാർ State Specific Disaster ആയി പ്രഖ്യാപിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിനെ തുടർന്ന്, മനുഷ്യ വന്യജീവി സംഘർഷത്തിന്റെ പ്രതിരോധത്തിനും ലഘൂകരണത്തിനുമായി വനം വകുപ്പ് നിരവധി മാർഗങ്ങൾ അവലംബിച്ചിട്ടുണ്ട്. എന്നിരിക്കിലും, നിലവിലെ വന്യജീവി സംഘർഷത്തിന്റെ വ്യാപ്തിയും, അവയുടെ കാരണങ്ങളുടെയും പരിഹാര മാർഗങ്ങളുടെയും സങ്കീർണത കണക്കിലെടുക്കുമ്പോൾ ശാസ്ത്രീയവും ആസൂത്രിതവുമായ നിരന്തര പ്രവർത്തനങ്ങൾ കൃത്യമായ ലക്ഷ്യത്തോടെ നടപ്പാക്കേണ്ടതുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ നേട്ടങ്ങളും വിവിധ സർക്കാർ വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും ഏകോപന സാധ്യതയും കാലാവസ്ഥ വ്യതിയാനമുൾപ്പെടെയുള്ള വിഷയങ്ങൾ ഉയർത്തുന്ന പ്രത്യേകതകൾക്ക് അനുസൃതമായി വ്യത്യസ്തമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും, വിശദമായ 10 വ്യത്യസ്ഥ പദ്ധതികൾ അടങ്ങിയ ഒരു കർമ്മ പദ്ധതി പരാമർശം (3) പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ തയാറാക്കി സമർപ്പിച്ചിരുന്നു.

2. പ്രസ്തുത കർമ്മ പദ്ധതിയിലൂടെ വന്യമൃഗ സംഘർഷം ലഘൂകരിക്കുവാനുതകുന്ന 10 മിഷനുകൾ രൂപകൽപ്പന ചെയ്ത് വൈൽഡ് ലൈഫ് വാർഡൻ അവതരിപ്പിച്ചിട്ടുള്ളതാണ്. ഓരോ മിഷനും, അവയുടെ ഉദ്ദേശ ലക്ഷ്യം, നടപ്പാക്കുന്ന രീതി, നടപ്പാക്കുന്നതുമൂലമുണ്ടാകുന്ന ഗുണം എന്നിവ ഉൾപ്പടെ വിശദമാക്കിയിട്ടുണ്ട്. പ്രസ്തുത 10 ഇന കർമ്മപദ്ധതിയിലെ ഓരോ ഘടക പദ്ധതിയും ചുവടെചേർക്കുന്നു.

1) <u>Mission FFW/Mission Food. Fodder &water</u>

വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പ് വരുത്തുന്നതിനാണ് ഈ പദ്ധതിലക്ഷ്യമിടുന്നത്. വനാന്തരങ്ങളിലെ കുളങ്ങളിലും ചെക്ക്ഡാമുകളിലും മറ്റ ജലസംഭരണികളിലും സംഭരണശേഷി വർധിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ നടത്തി വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുകയും, വനമേഖലകളിൽ പടർന്ന് പിടിച്ചിട്ടുള്ള സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പവരുത്താനാകും. പദ്ധതിയുടെ ഒന്നാം ഘട്ടമായി ഫെബ്രുവരി 1 മുതൽ സംസ്ഥാനത്തെ വനമേഖലകളിലെ വയലുകൾ, ചെക്ക്ഡാമുകൾ, കുളങ്ങൾ, പുൽമേടുകൾ, തുറസ്സായ സ്ഥലങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തി, രണ്ടാം ഘട്ടത്തിൽ പരിപാലന പ്രവർത്തനങ്ങൾക്ക് വേണ്ട ഫണ്ടും മാനവശേഷിയും പരിശോധിച്ച് പ്രവൃത്തികൾ നടത്തുന്നതിനും, മെയ് മുതൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മൂന്നാം ഘട്ടത്തിൽ അധിനിവേശ സസ്യങ്ങളുടെ ഉന്മൂലനവും നടപ്പിലാക്കുന്ന വിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇത് കൂടാതെ വനമേഖലയിൽ പുതിയ പുല്ലിന്റെ നാമ്പുകൾ മുളപ്പിക്കുന്നതിന് കൺട്രോൾ ബേണിംഗ് (control burning) നടത്തുന്നതിനും ഈ പദ്ധതി ഊന്നൽ നൽകുന്നുണ്ട്. വനമേഖലയിൽ ജല-ഭക്ഷ്യ ലഭ്യത ഉറപ്പ് വരുത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

## 2) Mission Tribal Knowledge(മിഷൻ ഗോത്രഭേരി)

കേരളത്തിലെ ഗോത്രവിഭാഗങ്ങൾ മനുഷ്യ വന്യജീവി സംഘർഷം ഇല്ലാതാക്കുന്നതിന് സ്വീകരിച്ചു വരുന്ന പല പരമ്പരാഗത പ്രവർത്തികളും അറിവുകളുമുണ്ട്. ഇവയിൽ നല്ലൊരു പങ്കം അലിഖിതവും, പുറം ലോകത്തിനു അറിയാത്തതും ആണ്. ഇവയുടെ ശേഖരണത്തിനും ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾക്കും തുടർന്ന് അവയെ ക്രിയാത്മകമായി ഉപയോഗിക്കുന്നതിനും, പ്രചാരണത്തിനുമായി കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് ഗോത്ര ഭേരി അഥവാ Mission Tribal Knowledge എന്ന പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശം. പട്ടിക വർഗ വികസന വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ തുടക്കമായി വിവിധ മേഖലകളിൽ സെമിനാറുകൾ സംഘടിപ്പിച്ച്, ഗോത്ര വിഭാഗങ്ങളിൽ നിന്നും ആവശ്യമായ അറിവ് ശേഖരിച്ച് ആയത് വിശകലനം ചെയ്ത് വേണ്ട തുടർനടപടികൾ കൈക്കൊള്ളുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

## 3) Mission Solar fencing

ജനവാസ മേഖലകളിലേക്ക് വന്യ മൃഗങ്ങൾ കടക്കുന്നത് തടയാൻ ഫലപ്രദമായ ഒരു മാർഗമാണ് സൗരോർജ വേലികൾ. ഇതുവരെ വനം വകുപ്പ് സ്ഥാപിച്ചിട്ടുള്ള എല്ലാ സൗരോർജ വേലികളും അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ തീവ്രയജ്ഞ പരിപാടി നടത്തി വരികയാണ്. ഇതിനോടകം പ്രവർത്തന രഹിതമായിരുന്ന 848 കിലോമീറ്റർ സൗരോർജ വേലികൾ മിഷൻ ഫെൻസിങ് 2024 ന് കീഴിൽ പ്രവർത്തനക്ഷമമാക്കി. ഓരോ വനം ഡിവിഷനിലെയും സൗരോർജ വേലികളുടെ തൽസ്ഥിതി വിലയിരുത്തി അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ അറ്റകുറ്റ പണികൾ സന്നദ്ധ സംഘടനകളുടേയും EDC ,VSS അംഗങ്ങളുടേയും പഞ്ചായത്തിന്റേയും എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടേയും സഹകരണത്തോടെ നടപ്പിലാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിലവിൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതി കേരളമൊട്ടാകെ തുടർന്നു നടപ്പിലാക്കി

നിലവിലുള്ള എല്ലാ സൗരോർജ്ജവേലികളും പ്രവർത്തനക്ഷമമാക്കി തുടർന്നുള്ള പരിചരണം ഉറപ്പ വരുത്തുകയും ആയതിലൂടെ മനുഷ്യ വന്യമൃഗ സംഘർഷം ഒഴിവാക്കുകയുമാണ് പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

4) Mission Primary Response Team

മനുഷ്യ--വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുൻപ്പ തന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി PRT കൾ (Primary Response Team) രൂപികരിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പ വരുത്തി സംഘർഷം നിയന്ത്രണ വിധേയമാക്കുന്ന മേഖലകളിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ള SARPA വോളന്റിയർമാർ, പഞ്ചായത്തുതല BMC അംഗങ്ങൾ, സിവിൽ ഡിഫൻസ് അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, വി.എസ്.എസ്. / ഇ.ഡി.സി. അംഗങ്ങൾ, ജൈവ വൈവിധ്യപരിപാലന സമിതി അംഗങ്ങൾ തുടങ്ങിയവരെ ജനജാഗ്രത സമിതിയുടെ നിർദ്ദേശാനുസരണം ഉൾപ്പെടുത്തി PRTകൾക്കു രൂപം നൽകുന്നതാണ്. കൂടാതെ ടി പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സന്നദ്ധസേനാ അംഗങ്ങളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തുന്നതാണ്. RRT യിലെ അംഗങ്ങൾ തദ്ദേശീയരായതിനാൽ സ്ഥലത്തെ ഭൂപ്രകൃതി, തടസ്സങ്ങൾ, പകരസാധ്യതകൾ (alternatives) സാമൂഹിക സ്ഥിതി തുടങ്ങിയവയെക്കുറിച്ചുള്ള അവരുടെ അറിവും പരിചയവും സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും. ഘട്ടം ഘട്ടമായി മനുഷ്യ-വന്യ മൃഗ സംഘർഷം നിലവിലുള്ള എല്ലാ മേഖലകളിലും PRT (Primary Response Team) കൾക്ക് രൂപം നൽകുകയാണ് ടി പദ്ധതിയുടെ ഉദ്ദേശ്യം.

5) Mission Real Time Monitoring

ആധുനിക സാങ്കേതിക വിദ്യയുടെ കൃത്യമായ ഉപയോഗം വനം-വന്യജീവി പരിപാ-ലനത്തിന് ഏറെ സഹായകമാക്കാവുന്ന ഒന്നാണ്. മനുഷ്യ വനജീവി സംഘർഷ സാഹചര്യങ്ങളിൽ വന്യമൃഗ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിനും ജനങ്ങൾക്ക് മുന്നൊരുക്കങ്ങൾ സ്വീകരിച്ചു സുരക്ഷിതരായിരിക്കാനും സഹായിക്കുന്ന അടിസ്ഥാന വിവരം കൈമാറൽ സംവിധാനങ്ങൾ നിലവിൽ സംസ്ഥാനത്തെ മിക്ക വനമേഖലകളിലും നടപ്പിലാക്കി വരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി ഇത്തരത്തിലുള്ള നൂതന സാകങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പിലാക്കുവാനാണ് മിഷൻ Real Time Monitoring ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടിയറിഞ്ഞ് മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യം.

6) Mission sensitization to Public

മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട് തെറ്റായ പല വിവരങ്ങളും പ്രചാരത്തിലാകുന്നത്, സംഘർഷ ബാധിതമേഖലകളിലെ ജനങ്ങളെ പരിഭ്രാന്തരാക്കാറുണ്ട്. ഇത്തരം തെറ്റായ വിവരങ്ങൾ സംഘർഷ സാഹചര്യങ്ങളിൽ അനാവശ്യ അപകടങ്ങൾക്ക് ഇടയാക്കാറുമുണ്ട്. ഇതിനൊരു

പരിഹാരമായി മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും ജനങ്ങളെ വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും അവബോധമുള്ളവരാക്കുക എന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു. സോഷ്യൽ ഫോറസ്ട്രിവിഭാഗം, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ, വനം സോഷ്യൽ മീഡിയാ സെൽ എന്നീ വിഭാഗങ്ങളാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. പൊതുജനങ്ങൾക്കായുള്ള ബോധവത്ക്കരണ പരിപാടികൾക്കൊപ്പം ബന്ധപ്പെട്ട മറ്റ സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും ഉചിതമായ അവബോധ പ്രവർത്തനങ്ങൾ ഈ മിഷന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

7) <u>Mission Science of Human Wildlife Conflict</u>

മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന്റെ ഭാഗമായി Mission Science on Human Wildlife Conflict എന്ന പദ്ധതി മുഖേന കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് , വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സലീം അലി സെന്റർ (SACON)), കേരള കാർഷിക സർവകലാശാല, കേരള വെറ്ററിനറി & ആനിമൽ സയൻസ് സർവ്വകലാശാല (KVASU)) തുടങ്ങിയ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈ എടുക്കുകയും, പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും, പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുമുള്ള നടപടികളും ,വന പരിപാലനത്തിന് പഠന ഫലങ്ങളുടെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

8) <u>Mission Bonnet Macaque</u>

കേരളത്തിലെ പല ഭാഗങ്ങളിലും നാടൻ കുരങ്ങുകളുടെ ശല്യം വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ അവയുടെ ശാസ്ത്രീയ പരിഹാരത്തിന് മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടത് അനിവാര്യമാകുന്നു. നിലവിൽ ഈ വിഷയം സംബന്ധിച്ച് പഠനങ്ങൾ നന്നേ കുറവാകുന്നു. വനമേഖലകളിൽ മാത്രമല്ല നഗര പ്രദേശമുൾപ്പെടെ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നാടൻ കുരങ്ങുകളുടെ സാന്നിദ്ധ്യവും അതുമൂലമുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട് എന്നതാണ് സത്യാവസ്ഥ. നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങൾക്ക് യഥാർത്ഥ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് വ്യത്യസ്തമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പ്രപ്പോസൽ തയാറാക്കി നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. എണ്ണം ക്രമാതീതമായി പെരുകി സംഘർഷങ്ങൾക്ക് കാരണമാകുന്ന പ്രദേശങ്ങളിൽ, വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുന്ന വന്യജീവി എന്ന നിലയിൽ കേന്ദ്ര സർക്കാരിന്റെ അനുമതി തേടുന്നതുൾപ്പെടെ, നിയമാനുസൃതമായി കൈക്കൊള്ളാവുന്ന നടപടികളിലേക്കും ഈ പദ്ധതി ലക്ഷ്യമിടുന്നു.

9) <u>Mission Wild Pig</u>

ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും സംഘർഷം ഒഴിവാക്കുന്നതിനും നിലവിൽ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ, ഇത്തരത്തിലെ അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വനം വകുപ്പ് പഞ്ചായത്തുകൾക്ക് നൽകും. കൂടാതെ പഞ്ചായത്തുകൾ എംപാനൽ ചെയ്തിട്ടുള്ള ഷൂട്ടേഴ്സിന് വകുപ്പിന്റെ സാങ്കേതിക സഹായം ലഭ്യമാക്കുക., പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക എന്നതും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

<u>10) Mission SARPA</u>

നിലവിലെ കണക്കുകൾ പരിശോധിച്ചാൽ മനുഷ്യ വന്യജീവി സംഘർഷങ്ങൾ മൂലമുള്ള മരണങ്ങളിൽ ഏറ്റവും കൂടുതൽ സംഭവിക്കുന്നത് വനത്തിനു പുറത്തു, പാമ്പു കടിയേറ്റാണ് എന്നത് വ്യക്തമാണ്. ഇത് തിരിച്ചറിഞ്ഞ വനം വകുപ്പ് 2020 മുതൽ ജനവാസമേഖലകളിൽ നിന്നും പാമ്പുകളെ സുരക്ഷിതമായി പിടികൂടി അപകടങ്ങൾ ഒഴിവാക്കുക ലക്ഷ്യമാക്കി SARPA എന്ന മൊബൈൽ ആപ്പും, പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ സേവനവും വനം വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ 2019 ൽ പാമ്പ് കടിയേറ്റ 123 ജീവൻ പൊലിഞ്ഞ അവസ്ഥയിൽ നിന്നും 2024 ൽ 30 മരണം എന്ന് കുറക്കാനായിട്ടുണ്ട്. പാമ്പ്കടിയേറ്റ് ഒരു മരണം പോലും ഉണ്ടാവരുത് (Zero snake bite Death) എന്ന ലക്ഷ്യം നടപ്പിലാക്കാനാണ് മിഷൻ SARPA വഴി ഉദ്ദേശിക്കുന്നത്. വനം വകുപ്പ് കൂടാതെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (SARPA), തദ്ദേശ സ്വയം ഭരണം, ആരോഗ്യം, റവന്യ വിദ്യാഭ്യാസം, തുടങ്ങിയ. വകുപ്പുകളുടെ ഏകോപനം ഇതിനാവശ്യമാണ്. പ്രാദേശികമായി കൂടുതൽ ഫലപ്രദമായ anti- venom നിർമിക്കുന്നതിനുള്ള ശ്രമങ്ങളിലേക്കും കേരളത്തിൽ കടി മൂലമുള്ള മരണം പൂർണമായും ഒഴിവാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. മേൽ വിവരിച്ച 10 മിഷനുകളും നടപ്പിലാക്കുക വഴി കേരളത്തിൽ നിലവിലുള്ള മനുഷ്യ-വന്യമൃഗ സംഘർഷത്തിന് കാര്യമായ കുറവ് വരുത്താൻ സാധിക്കും. മേൽ പദ്ധതികൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുവാനും, ടി കർമ്മ പദ്ധതിയുടെ ഏകോപനത്തിനുമായി പ്രത്യേകം പ്രത്യേകമായി നോഡൽ ഓഫീസർമാരെ നിയോഗിക്കേണ്ടത് അനിവാര്യമാണ്. അപ്രകാരം, ഓരോ നോഡൽ ഓഫീസർമാരുടേയും, അവരവർക്ക് അനുവദിക്കുന്ന മിഷനുകളും, ഉൾക്കൊള്ളുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| **ക്രമനം.** | **മിഷൻ** | **സംസ്ഥാന/റീജിയണൽ നോഡൽ ഓഫീസർമാർ** |
|---|---|---|
| 1 | Mission Food. Fodder &water | **സംസ്ഥാന തല നോഡൽ ഓഫീസർ**<br>ശ്രീ. ഡി.കെ. വിനോദ് കുമാർ IFS<br>ഫോറസ്റ്റ് കൺസർവേറ്റർ(HRD) |
| 2 | Mission Tribal Knowledge | **സംസ്ഥാനതല നോഡൽ ഓഫീസർ**<br>ശ്രീ. രാജു.കെ ഫ്രാൻസിസ്.IFS,<br>ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (റിസർച്ച്) |
| 3 | Mission Solar fencing | **സംസ്ഥാനതല നോഡൽ ഓഫീസർ**<br>ശ്രീ. സമീർ.എം.കെ<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(HRD) |
| | | **സംസ്ഥാനതല നോഡൽ ഓഫീസർ**<br>ശ്രീമതി.ശില്പ വി.കുമാർ IFS |

| | | |
|---|---|---|
| 4 | Mission Primary response Team | ഫോറസ്റ്റ് കൺസർവേറ്റർ & TA to HoFF<br><br>**സതേൺ റീജിയണൽ നോഡൽ ഓഫീസർ**<br>ശ്രീ. സുനിൽ സഹദേവൻ,<br>ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ & ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,<br>Timber Sales Division, തിരുവനന്തപുരം<br><br>**സെൻട്രൽ റീജിയൺ നോഡൽ ഓഫീസർ**<br>ശ്രീ. ജോൺ മാത്യു<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (SIP),<br>കോട്ടയം<br><br>**ഇസ്റ്റേൺ റീജിയൺ നോഡൽ ഓഫീസർ**<br>ശ്രീ.ശിവപ്രസാദ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (Research), പാലക്കാട്<br><br>**നോർത്തേൺ റീജിയൺ നോഡൽ ഓഫീസർ**<br>ശ്രീ. രതീശൻ വി,<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (SIP),<br>നോർത്തേൺ സർക്കിൾ, കണ്ണൂർ |
| 5 | Mission Real Time Monitoring | **സംസ്ഥാന തല നോഡൽ ഓഫീസർ**<br>ശ്രീ. മനു സത്യൻ,<br>ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,<br>ഫ്ലൈയിംഗ് സ്ക്വാഡ്,<br>എറണാകുളം |
| 6 | Mission sensitization to Public | **നോർത്തേൺ റീജിയൺ നോഡൽ ഓഫീസർ**<br>ശ്രീമതി. കീർത്തി ആർ, IFS<br>ഫോറസ്റ്റ് കൺസർവേറ്റർ,<br>സോഷ്യൽ ഫോറസ്ട്രി നോർത്തേൺ റീജിയൺ,<br>കോഴിക്കോട്.<br><br>**സെൻട്രൽ റീജിയൺ നോഡൽ ഓഫീസർ**<br>ശ്രീമതി. ഇന്ദു വിജയൻ IFS,<br>ഫോറസ്റ്റ് കൺസർവേറ്റർ,<br>സോഷ്യൽ ഫോറസ്ട്രി, സെൻട്രൽ റീജിയൺ,<br>എറണാകുളം.<br><br>**സതേൺ റീജിയൺ നോഡൽ ഓഫീസർ**<br>ശ്രീ.എ.പി സുനിൽ ബാബു IFS<br>ഫോറസ്റ്റ് കൺസർവേറ്റർ, |

| | | |
|---|---|---|
| | | സോഷ്യൽ ഫോറസ്ട്രി, സതേൺ റീജിയൺ, കൊല്ലം |
| 7 | Mission Science on Human Wildlife Conflict | **സംസ്ഥാനതല നോഡൽ ഓഫീസർ**<br>ശ്രീമതി. ഉമ.ടി IFS,<br>ഫോറസ്റ്റ് കൺസർവേറ്റർ<br>വർക്കിംഗ് പ്ലാൻ & റിസർച്ച്, കൊല്ലം |
| 8 | Mission Bonnet Macaque | **സംസ്ഥാനതല നോഡൽ ഓഫീസർ**<br>Dr. അരുൺ സക്കറിയ<br>ഫോറെസ്റ്റ് വെറ്റിനറി ഓഫീസർ |
| 9 | Mission Wild Pig | **സംസ്ഥാനതല നോഡൽ ഓഫീസർ**<br>ശ്രീ. ശ്യാം മോഹൻലാൽ IFS,<br>ഫോറസ്റ്റ് കൺസർവേറ്റർ<br>അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്<br>തിരുവനന്തപുരം |
| 10 | Mission SARPA | **സംസ്ഥാനതല നോഡൽ ഓഫീസർ**<br>ശ്രീ. മുഹമ്മദ് അൻവർ. വൈ<br>അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(ബയോ ഡൈവേഴ്സിറ്റി),<br>O/o. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം |

4. ചീഫ് വൈൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കിയ സമഗ്രമായ മേൽ കർമ്മ പദ്ധതിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. മനുഷ്യ വന്യമൃഗ സംഘർഷം ഒഴിവാക്കുന്നതിനായി ഉപയോഗപ്രദമാകുന്ന തരത്തിൽ തയ്യാറാക്കിയിട്ടുള്ള 10 മിഷനുകൾ സഹിതമുള്ള പ്രസ്തുത കർമ്മപദ്ധതി അംഗീകരിച്ചുകൊണ്ടും, പ്രസ്തുത 10 മിഷനുകൾ നടപ്പാക്കുന്നതിനും, ടി പദ്ധതി ഏകോപനത്തിനുമായി, മേൽ പരാമർശിച്ച പട്ടികയിലെ ഓരോ സംസ്ഥാന/ റീജിയണൽതല നോഡൽ ഓഫീസർമാരെയും ടി പട്ടികയിൽ പ്രതിപാദിക്കും പ്രകാരം തന്നെ നിയോഗിച്ചും ഉത്തരവാകുന്നു.

5. പ്രസ്തുത നോഡൽ ഓഫീസർമാർ അതത് മിഷനുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുവാൻ ആവശ്യമായ സമഗ്ര പദ്ധതി രേഖ, കൃത്യമായി പ്രവർത്തനങ്ങളുടെ കലാവധിയടക്കം ആവശ്യമായ ഫണ്ടിന്റെ വിശദാംശം ഉൾപ്പടെയുള്ള കരട് പദ്ധതി തയ്യാറാക്കി 15 ദിവസത്തിനകം ചീഫ് വൈൽഡ് ലൈഫ് വാർഡൻ മുൻപാകെ സമർപ്പിക്കേണ്ടതും, ചീഫ് വൈൽഡ് ലൈഫ് വാർഡൻ ആയതു പരിശോധിച്ച് അംഗീകാരം നൽകേണ്ടതുമാണ്.

6. ടി പത്തിന കർമ്മ പരിപാടി കൃത്യമായ ഇടവേളകളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ അവലോകനം ചെയ്യേണ്ടതും, ആവശ്യമുള്ള സമയം ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്.

7. മേൽ പദ്ധതികളുടെ പ്രവർത്തന പുരോഗതി കൃത്യമായ ഇടവേളകളിൽ പരാമർശം 2 ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന തല ഉദ്യോഗസ്ഥ നിയന്ത്രണ സമിതി അവലോകനം ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD V R
ജോയിന്റ് സെക്രട്ടറി

പകർപ്പ്-

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്ഫോറസ്റ്റ്& ഹോഫ്,തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്ഫോറസ്റ്റ്(വൈൽഡ്ലൈഫ്)&ചീഫ് വൈൽഡ് ലൈഫ് വാർഡൻ,തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്ഫോറസ്റ്റ്(F,B&A),തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (E&TW),അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(ഓഡിറ്റ്)/.എ&ഇ,തിരുവനന്തപുരം.

ബന്ധപ്പെട്ട വകുപ്പുകൾക്ക്

വിവരപൊതു സമ്പർക്ക വകുപ്പ്

കരുതൽ ശേഖരം.

ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വനംവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
വനംവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി രൂപീകരിച്ച സംസ്ഥാനതല സമിതിയുടെയും സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണ സമിതിയുടെയും 14.03.2024-ന് നടന്ന സംയുക്ത യോഗത്തിന്റെ നടപടി കുറിപ്പ്.

ബഹു മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം രാവിലെ 10.30-ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.

മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തം" ആയി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി 07.03.2024-ലെ സർക്കാർ ഉത്തരവ് (കൈ) നം.12/2024/വനം പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതിയുടെയും സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണ സമിതിയുടെയും ആദ്യയോഗത്തിലേക്കായി ബഹു.മുഖ്യമന്ത്രി, ബഹു.വനം വകുപ്പ് മന്ത്രി, ബഹു.പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രി, ബഹു.റവന്യൂ വകുപ്പ് മന്ത്രി എന്നിവരെയും മറ്റ് സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണ സമിതി അംഗങ്ങളെയും ചീഫ് സെക്രട്ടറി സ്വാഗതം ചെയ്തു.

07.03.2024-ലെ സർക്കാർ ഉത്തരവ് (കൈ) നം.12/2024/വനം പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച താഴെ പറയുന്ന വിവരം ഡോ.പി.പുകഴേന്തി ഐ.എഫ്.എസ് യോഗത്തിൽ വിശദീകരിച്ചു.

- വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂം തുറന്നു.
- ഉദ്യോഗസ്ഥരെ നിയോഗിച്ചു. 36 വനം ഡിവിഷനുകളിൽ എമർജൻസി ഓപ്പറേഷൻ സെന്റർ (EOC) തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു.
- മൂന്നാർ മേഖലയിൽ പഞ്ചായത്ത് അംഗങ്ങൾ, വിവിധ എസ്റ്റേറ്റുകളിലെ മാനേജർ/ഫീൽഡ് സൂപ്പർവൈസർ എന്നിവരെ ചേർത്തുകൊണ്ട് 12 വാട്ട്സ്ആപ്പ് ഗ്രൂപ്പുകളും, വയനാട് മേഖലയിൽ 22 വാട്ട്സ്ആപ്പ് ഗ്രൂപ്പുകളും, വനം സർക്കിൾ/ഡിവിഷൻ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പഞ്ചായത്ത് തലത്തിലും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചതായി അറിയിച്ചു.
- 28 RRT-കളിലും മനുഷ്യ-വന്യമൃഗ സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിലുമായി 900-ഓളം താൽക്കാലിക വാച്ചർമാരുടെ സേവനം ആവശ്യാനുസരണം വിനിയോഗിച്ച് വരുന്നു.
- മനുഷ്യ-വന്യമൃഗ സംഘർഷം കൈകാര്യം ചെയ്യുന്നതിലും സംഘർഷ മേഖലകളിൽ പൊതുജനങ്ങളുമായി നന്നായി ഇടപെടുന്നതിലും മികവ് തെളിയിച്ച ഉദ്യോഗസ്ഥന്മാരുടെ പട്ടിക തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു.

- ജില്ലാ കലക്ടറുടെ 05.02.2024-ലെ ഉത്തരവ് പ്രകാരം വയനാട് മേഖലയിലെ 66 തോട്ടങ്ങളിൽ പഞ്ചായത്ത് അധികൃതരുടെ സഹകരണത്തോടെ അടിക്കാടുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- 06.03.2024-ലെ, മൂന്നാർ മേഖലയിലെ തോട്ടം ഉടമ/മാനേജർമാരുടെ യോഗം വനം, റവന്യൂ, പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തി, തോട്ടം ഉടമകളുടെ സഹകരണം ഉറപ്പ് വരുത്തിയിട്ടുണ്ട്.
- നിലവിൽ ലഭ്യമായ ജീവനക്കാരെ പുനർവിന്യസിച്ചു കൊണ്ട് 28 RRT-കൾ പ്രവർത്തിച്ചു വരുന്നു. 64 പമ്പ് ആക്ഷൻ തോക്കുകൾ, 2 ട്രാൻങ്കുലൈസർ തോക്കുകൾ, 4 ഡ്രോണുകൾ എന്നിവ വാങ്ങുന്നതിനുള്ള ഓർഡർ നൽകിയതായി അറിയിച്ചു.
- പഞ്ചായത്ത് അടിസ്ഥാനത്തിൽ 264 ജന ജാഗ്രതാ സമിതികൾ നിലവിലുണ്ട്. ഇവയെ ശക്തിപ്പെടുത്തി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തി.
- വയനാട് വനമേഖലയിൽ 341-ഉം, ഇടുക്കി ജില്ലയിലെ വനമേഖലയിൽ 249-ഉം കുളങ്ങൾ പരിപാലിച്ചു വരുന്നു. കുളങ്ങൾ/ചെക്ക് ഡാമുകൾ എന്നിവ പുതുതായി നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ ഫണ്ട് പൊതുമേഖല/ സ്വകാര്യ സ്ഥാപനങ്ങളുടെ CSR ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള 4 പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.
- വന്യമൃഗ ആക്രമണത്തിനിരയായിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ലഭ്യമായ 13.70 കോടി രൂപയിൽ 6.45 കോടി രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 7.25 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായി അറിയിച്ചു.
- മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി കിഫ്ബി മുഖാന്തിരം ലഭ്യമാകുന്ന 110 കോടി രൂപയുടെ കരട് പ്രൊപ്പോസൽ തയ്യാറാക്കി.
- മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനുമുള്ള ദീർഘകാല-ഹ്രസ്വകാല പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ദേശീയ, അന്തർദേശിയ വിദഗ്ദരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ സമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിലുള്ള ഇന്റർ സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം 13.02.2024-നും 28.02.2024-നും ഓൺലൈനായി ചേർന്നിട്ടുണ്ട്. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തല മീറ്റിംഗ് 14.02.2024-ന് ബന്ദിപ്പൂരിൽ വെച്ച് നടന്നു. മന്ത്രിതല മീറ്റിംഗ് 10.03.2024-ന് ബന്ദിപ്പൂരിൽ നടന്നു.

മേൽ നടപടികൾ യോഗം വിശദമായി ചർച്ച ചെയ്യുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**യോഗതീരുമാനങ്ങൾ**

1. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനുമുള്ള ദീർഘകാല-ഹ്രസ്വകാല പദ്ധതികൾക്കുള്ള നിർദ്ദേശം സമർപ്പിക്കാൻ ദേശീയ, അന്തർദേശിയ വിദഗ്ദരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ സമിതി രൂപീകരിക്കുന്നതിനും ഏപ്രിൽ മാസത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു ശില്പശാല നടത്തുവാനും തീരുമാനിച്ചു. (നടപടി - വനം വകുപ്പ് )
2. വേനലിന്റെ കാഠിന്യം കൂടിയ സാഹചര്യത്തിൽ കേരളത്തിലെ വനമേഖലയിൽ ജലദൗർഭല്യമില്ലെന്ന് ഉറപ്പുവരുത്തണമെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു. ജലദൗർഭല്യമുള്ള വനമേഖലകളിൽ കുളങ്ങൾ/ചെക്ക് ഡാമുകൾ എന്നിവ പുതുതായി നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ ഫണ്ട് പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളുടെ CSR ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (നടപടി - വനം വകുപ്പ് )
3. വനമേഖലകളിൽ കുളങ്ങൾ/ചെക്ക് ഡാമുകൾ എന്നിവയുടെ ഡേറ്റ് സഹിതമുള്ള ഫോട്ടോകൾ ഉൾപ്പെടുത്തിയ ആൽബം സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. (നടപടി - വനം വകുപ്പ് )
4. സെന്നപോലുള്ള അധിനിവേശ സസ്യങ്ങൾ വനമേഖലയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ ബഹു മുഖ്യമന്ത്രി നിർദ്ദേശിച്ചു. (നടപടി - വനം വകുപ്പ് )
5. വനം വകുപ്പിൽ വൈൽഡ്ലൈഫ് വെറ്ററിനറി വിഭാഗത്തിൽ വെറ്ററിനറി ഓഫീസർമ്മാരുടെ 17 തസ്തികകളാണുള്ളത്. അതിൽ നിലവിൽ 9 ഒഴിവുകളാണുള്ളത്. ഈ ഒഴിവുകളിലേക്ക് ഡെപ്യൂട്ടേഷനിൽ വരാൻ താല്പര്യമുള്ളവർ കുറവാണ്. ഡെപ്യൂട്ടേഷൻ കാലാവധി നിലവിൽ ഒരു വർഷമാണ്. ദീർഘകാലാടിസ്ഥാനത്തിൽ വനം വകുപ്പിൽ വൈൽഡ്ലൈഫ് വെറ്ററിനറി ഓഫീസർമ്മാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (നടപടി - അഡീഷണൽ ചീഫ് സെക്രട്ടറി, വനം)
6. നിലവിൽ വയനാട്ടിലുള്ള അനിമൽ ഹോസ് സ്പൈസ് സെന്ററിന് പുറമെ അനിമൽ റസ്ക്യൂ/റിഹാബിലിറ്റേഷൻ സെന്റർ മറ്റ് സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. (നടപടി - വനം വകുപ്പ് )
7. വനാതിർത്തിക്ക് പുറത്ത് പാമ്പ്, കടന്നൽ, തേനീച്ച എന്നിവ മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കുള്ള ധനാശ്വാസം 2005-ലെ ദുരന്തനിവാരണ നിയമ പ്രകാരം SDRF-ൽ നിന്നും ലഭിക്കുന്ന കാര്യം പരിശോധിക്കുക. (നടപടി - HOFF)
8. സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ച 360 കുടുംബങ്ങൾക്ക് നൽകുന്നതിനായി 27 കോടി രൂപ RKDP-യിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (നടപടി –അഡീഷണൽ ചീഫ് സെക്രട്ടറി, വനം/Planning (PKDP) വകുപ്പ്)
9. വനാതിർത്തികളിൽ തേനീച്ച വളർത്തലിനു പ്രോത്സാഹനം നൽകുക വഴി ഒരു പരിധി

വരെ വന്യജീവികളെ ജനവാസ മേഖലയിൽ പ്രവേശിക്കുന്നത് തടയാൻ കഴിയുമോ എന്നത് പരിശോധിക്കുന്നതിനും പരീക്ഷണാടിസ്ഥാനത്തിൽ ആയതു നടപ്പിലാക്കി ആയതിന്റെ ഫലം വ്യക്തമാക്കുന്നതിനും നിർദ്ദേശം നൽകി(നടപടി - HOFF)

യോഗം 11.30-ന് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി (അധ്യക്ഷൻ)
2. ശ്രീ.എ.കെ.ശശീന്ദ്രൻ, വനം വകുപ്പ് മന്ത്രി
3. ശ്രീ.കെ.രാജൻ, റവന്യൂ വകുപ്പ് മന്ത്രി
4. ശ്രീ.കെ.രാധാകൃഷ്ണൻ,പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രി
5. ശ്രീ.വി.വേണു, ചീഫ് സെക്രട്ടറി (കൺവീനർ)
6. ശ്രീ.ബിശ്വനാഥ് സിൻഹ , അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
7. ഡോ.എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ്
8. ശ്രീ. മുഹമ്മദ് വൈ. സഫീറുള്ള. കെ, സ്പെഷ്യൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്
9. ശ്രീ.കെ.ആർ.ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ്
10. ഡോ. ബി. അശോക് പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്
11. ശ്രീമതി. ടിങ്കു ബിസ്വാൾ പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
12. Dr. എ. കൗശിഗൻ, കമ്മിഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്
13. ശ്രീ.ഗംഗാസിംഗ്, പി.സി.സി.എഫ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
14. ശ്രീ.ഡി.ജയപ്രസാദ്, പി.സി.സി.എഫ് (വൈൽഡ്ലൈഫ്)& ചീഫ് വൈൽഡ്ലൈഫ് വാർഡൻ.
15. Dr. ശേഖർ ലൂക്കോസ് കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
16. ഡോ.പി.പുകഴേന്തി, എ.പി.സി.സി.എഫ് (എഫ്, ബി & എ)
17. ശ്രീ.പ്രമോദ് ജി കൃഷ്ണൻ, എ.പി.സി.സി.എഫ് (ഭരണം)
18. ഡോ.ചന്ദ്രശേഖർ.എൽ,എ.പി.സി.സി.എഫ് (വിജിലൻസ്)
19. ശ്രീ.ജെ.ജസ്റ്റിൻ മോഹൻ, എ.പി.സി.സി.എഫ് (ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ)

**<u>മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട്, 14.08.2024-ന് ചേർന്ന സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണസമിതി യോഗത്തിന്റെ നടപടി കുറിപ്പ്</u>**

ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം രാവിലെ 10.45-ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന "സവിശേഷ ദുരന്തം" ആയി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ, മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി 07.03.2024-ലെ സർക്കാർ ഉത്തരവ്(കൈ) നം. 12/2024/വനം പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതിയുടെയും സംസ്ഥാനതല ഉദ്യോഗസ്ഥ നിയന്ത്രണസമിതിയുടെയും ആദ്യ യോഗം 14.03.2024-ന് ചേർന്നിരുന്നു. ടി യോഗത്തിലെ തീരുമാനപ്രകാരവും 07.03.2024-ലെ സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദേശങ്ങൾ പ്രകാരവും സ്വീകരിച്ച നടപടികളിന്മേലുള്ള പുരോഗതി സംബന്ധിച്ചും മറ്റ് ബന്ധപ്പെട്ട വിഷയങ്ങളും ചീഫ് വൈൽഡ് ലൈഫ് വാർഡൻ യോഗത്തിൽ വിശദീകരിച്ചു. ആയത് യോഗം അവലോകനം ചെയ്യുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**<u>യോഗതീരുമാനങ്ങൾ</u>**

1. ജനവാസമേഖലകളിൽ വന്യജീവി സാന്നിദ്ധ്യത്തേയും വന്യമൃഗ ആക്രമണ സാധ്യത ഒഴിവാക്കുന്നതിനേയും സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിനായി വിവിധ ഡിവിഷനുകളിലായി നിലവിൽ പ്രവർത്തിച്ച് വരുന്ന വാട്ട്സാപ്പ് ഗ്രൂപ്പുകളിൽ വന്യമൃഗ സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിലെ ജനങ്ങളെ മുഴുവൻ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (നടപടി: വനം വകുപ്പ്)
2. സെന്ന പോലുള്ള അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യുന്നതിന് തമിഴ്നാട് അനുവർത്തിക്കുന്ന രീതി കൂടുതൽ ഫലപ്രദമാണെങ്കിൽ അതിനെപ്പറ്റി പഠിക്കുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യണം (നടപടി: വനം വകുപ്പ്)
3. അനുയോജ്യമായ സ്ഥലങ്ങളിൽ ആനിമൽ റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും വിവിധയിടങ്ങളിൽ നിന്ന് റെസ്ക്യൂ ചെയ്യുന്ന വന്യജീവികളെ സ്വതന്ത്രരാക്കുന്നതിനുള്ള potential release sites കണ്ടെത്തുന്നതിനും ഇത്തരം സ്ഥലങ്ങൾ ദുരന്ത നിവാരണ അതോറിറ്റിയുടെ ഒരു നോട്ടിഫിക്കേഷനിലൂടെ അംഗീകരിക്കുന്നതിനുമായി ഒരു പ്രൊപോസൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിക്കേണ്ടതാണ്. (നടപടി: വനം വകുപ്പ്, ദുരന്തനിവാരണ അതോറിറ്റി)
4. എമർജൻസി ഓപ്പറേറ്റിംഗ് സെന്ററുകളുടെ പ്രവർത്തനത്തിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (FB&A)-യുടെ പ്രൊപ്പോസലിൽ വാഹനങ്ങൾ വാങ്ങുന്നത് ഒഴികേയുള്ള ഇനങ്ങൾ യോഗം അംഗീകരിച്ചു. (നടപടി: ദുരന്തനിവാരണ അതോറിറ്റി)
5. SARPA-യുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിന് തീരുമാനിച്ചു. (നടപടി: വനം വകുപ്പ്)
6. മനുഷ്യ- വന്യമൃഗ സംഘർഷ മേഖലകൾ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ പ്രൈമറി റെസ്പോൺസ് ടീമുകളുടെ രൂപീകരണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടും KILA യുമായി ചേർന്നും വനം വകുപ്പ് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. (നടപടി:

വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)

7. വനാതിർത്തിക്ക് പുറത്ത് പാമ്പ്, കടന്നൽ, തേനീച്ച എന്നിവ മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കുമുള്ള ധനാശ്വാസം 2005 ലെ ദുരന്തനിവാരണ നിയമപ്രകാരം SDRF-ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള പ്രപ്പോസൽ പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. (നടപടി: ദുരന്തനിവാരണ അതോറിറ്റി)
8. നിലവിലുള്ള റാപിഡ് റെസ്പോൺസ് ടീമുകൾക്ക് ആവശ്യമായ ജീവനക്കാരേയും ഉപകരണങ്ങളും വാഹനങ്ങളും നൽകി ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ ഒരു പ്രൊപ്പോസൽ വനം വകുപ്പ് തയ്യാറാക്കി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കുന്നതിനും ദുരന്ത നിവാരണ അതോറിറ്റി ആയത് പരിശോധിച്ച് മേൽ നടപടി സ്വീകരിക്കണം (നടപടി: വനം വകുപ്പ്, ദുരന്തനിവാരണ അതോറിറ്റി)

യോഗം 11.45- ന് അവസാനിച്ചു.

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ശ്രീ. കെ.ആർ. ജ്യോതിലാൽ, അഡിഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്
2. Dr. എ.ജയതിലക്, അഡിഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
3. ശ്രീമതി. ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
4. ശ്രീ. പ്രമോദ്. ജി. കൃഷ്ണൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ
5. ശ്രീ. പ്രശാന്ത്. എൻ, സ്പെഷ്യൽ സെക്രട്ടറി, കൃഷി വകുപ്പ്
6. Dr. രേണു രാജ്, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
7. Dr. ദിനേശൻ ചെറുവാട്ട്, ഡയറക്ടർ (ഗ്രാമം), തദ്ദേശ സ്വയംഭരണ വകുപ്പ്
8. Dr. ശേഖർ ലൂക്കോസ് കര്യാക്കോസ്, മെമ്പർ സെക്രട്ടറി, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി